വനിതാ വ്യവസായ സഹകരണ സംഘങ്ങൾ

161 (1427) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിൽ എത്ര വനിതാ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ഈ സഹകരണ സംഘങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം എത്ര വരുമെന്ന് വിശദമാക്കാമോ ;

(സി) ഇവയിൽ പട്ടികജാതിക്കാർ നടത്തുന്ന സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ടോ എന്നും എന്തു തുക നൽകുന്നെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വർക്കല നിയോജക മണ്ഡലത്തിൽ രണ്ട് വനിതാ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ ഒന്ന് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സഹകരണ സംഘത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം പത്താണ്.

(സി) പട്ടികജാതിക്കാർ നടത്തുന്ന വ്യവസായ സഹകരണ സംഘങ്ങൾ വർക്കല നിയോജക മണ്ഡലത്തിൽ ഇല്ല.

പട്ടുനൂൽപ്പുഴു കർഷകർക്ക് സബ്സിഡി

162 (1428) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷനിൽ നിന്ന് പട്ടുനൂൽപ്പുഴു കർഷകർക്ക് സബ്സിഡി നൽകുന്നുണ്ടോ ;

(ബി) എങ്കിൽ കേന്ദ്ര സംഘം നേരിട്ട് വ്യക്തികൾക്ക് സബ്സിഡി നൽകുന്നത് സഹകരണ തത്വങ്ങൾക്ക് അനുയോജ്യമാണോ എന്ന് വ്യക്തമാക്കുമോ ;

(സി) പട്ടുനൂൽപ്പുഴു കർഷകർക്കല്ലാതെ പ്രസ്തുത ഫെഡറേഷനിൽ നിന്ന് സബ്സിഡി നൽകിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ ; എങ്കിൽ അത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly